# ചെർപ്പുളശ്ശേരി നഗരസഭകാര്യാലയം
## ചെർപ്പുളശ്ശേരി (പി.ഒ), പാലക്കാട് ജില്ല,പിൻ: 679 503

**ഫോൺ: 04662 282238**

ഇ മെയിൽ : ddpcherpulasseripkd@gmail.com, seccpymun@gmail.com

.......................................................................................

നമ്പർ : R1-3239/18 തിയ്യതി : 16/08/2021

**<u>ചെർപ്പുളശ്ശേരി നഗരസഭ വക കെട്ടിട മുറികളുടെ ലേലം/ടെണ്ടർ നോട്ടീസ്</u>**

ചെർപ്പുളശ്ശേരി നഗരസഭ വക കെട്ടിടത്തിലെ താഴെ പറയുന്ന മുറികൾ 07/09/2021 തീയ്യതി രാവിലെ 11.00 മണിക്ക് ലേലം/ ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ഏറ്റവും കൂടുതൽ വാടക തുക ലേലം/ ടെണ്ടർ വിളിക്കുന്നവർക്ക് ലേലം/ ടെണ്ടർ താത്കാലികമായി ഉറപ്പിച്ച് നൽകുന്നതും, ചെർപ്പളശ്ശേരി നഗരസഭ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി ലേലം/ ടെണ്ടർ സ്ഥിരപ്പെടുത്തുന്നതുമാണ്. ഏത് മുറിക്കുള്ള ലേലം/ ടെണ്ടർ എന്ന് കവറിന് പുറത്ത് രേഖപ്പെടുത്തിയ ടെണ്ടറുകൾ, നിരതദ്രവ്യം ഓഫീസിൽ അടച്ചതിന്റെ രശീതി സഹിതം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ അന്നെ ദിവസം രാവിലെ 11.00 മണിവരെ സ്വീകരിക്കുന്നതും ലേലത്തിന് ശേഷം തുറന്ന് പരിശോധിക്കുന്നതുമാണ്. കൂടുതൽ തുക രേഖപ്പെടുത്തിയ ലേലം/ ടെണ്ടർ താത്ക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം/ ടെണ്ടർ കൊള്ളുന്നവർ ഡെപ്പോസിറ്റ് തുകയുടെ പകുതി ലേലം കഴിഞ്ഞാൽ ഉടൻ തന്നെ നഗരസഭ ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്. കൂടാതെ ലേലം/ ടെണ്ടർ സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ നിശ്ചിത തുകക്കുള്ള മുദ്രപത്രത്തിൽ 3 ദിവസത്തിനകം ബാക്കി തുക അടവാക്കി നഗരസഭ സെക്രട്ടറിയുമായി കരാർ വെക്കേണ്ടതാണ്. ലേലം നടത്തി കഴിഞ്ഞാൽ ഉടൻ ഓരോ മുറിക്കും ഏറ്റവും കൂടുതൽ തുക ലേലം വിളിച്ച രണ്ട് പേരുടേതൊഴികെയുള്ള നിരതദ്രവ്യം കാഷായി അടച്ചിട്ടുള്ളത് അപ്പോൾ തന്നെ തിരികെ നൽകുന്നതാണ്. ലേലം കൊണ്ടായാൽ ബാക്കി തുക നഗരസഭ ഓഫീസിൽ ഒടുക്കുമ്പോൾ മാത്രമേ രണ്ടാമത്തെ ആൾക്ക് നിരതദ്രവ്യം തിരികെ നൽകുകയുള്ളു.

റൂമുകൾ സംബന്ധിച്ച വിവരങ്ങൾ

**ബസ്സ്റ്റാന്റ് ഷോപ്പിംങ് കോംപ്ലക്സ്**

| ക്രമ നമ്പർ | റൂം നമ്പർ | വിസ്തീർണ്ണം | മിനിമം വാടക | നിരതദ്രവ്യം | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|---|
| 1. | 25/190 (FF) | 96 $M^2$ (1033.34 ചതുരശ്രഅടി) | 8000 + 18% GST | 15000/ | 100000/- |
| 2. | 25/193 (SF) | 25.03 $M^2$ (269.27ചതുരശ്രഅടി | 2500 +18% GST | 15000/- | 36000/- |
| 3. | 25/194(SF) | 94.58 $M^2$ (1017.69 ചതുരശ്രഅടി | 6000+18% GST | 15000/ | 50000 |

**കമ്മ്യൂണിറ്റി ഹാളിനുതാഴെ പട്ടാമ്പി റോഡിന് അഭിമുഖമായിട്ടുള്ള കടമുറി**

| ക്രമ നമ്പർ | റൂം നമ്പർ | വിസ്തീർണ്ണം | മിനിമം വാടക | നിരതദ്രവ്യം | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|---|
| 1. | 26/369(GF) | 8 $M^2$ (86.00 ചതുരശ്രഅടി) | 3000 + 18% GST | 15000/ | 36000/ |

**പട്ടാമ്പി റോഡിലുള്ള കടമുറി**

| ക്രമ നമ്പർ | റൂം നമ്പർ | വിസ്തീർണ്ണം | മിനിമം വാടക | നിരതദ്രവ്യം | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|---|
| 1. | 26/812 (FF) | 7.5$M^2$ (80.7 ചതുരശ്രഅടി) | 1500 + 18% GST | 15000/ | 15000/ |

ലേല നിബന്ധനകൾ :-

1. നഗരസഭയുമായി ഏതെങ്കിലും വിധത്തിൽ കരാർ ലംഘനം നടത്തിയിട്ടുള്ളവർക്കും 18 വയസ്സ് പൂർത്തിയാകാത്തവർക്കും പാപ്പരായി കോടതി പ്രഖ്യാപിച്ചിട്ടുള്ളവർക്കും ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ളവർക്കും മുനിസിപ്പൽ വസ്തു വകകൾ ഏൽപ്പിക്കുവാൻ മറ്റു കാരണങ്ങളാൽ യോഗ്യരല്ലെന്നു സെക്രട്ടറിക്കു ബോധ്യമുള്ളവർക്കും മുറികളോ, വ്യാപാര സ്ഥാപനങ്ങളോ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
2. ടെണ്ടറിലൂടെയല്ലാത്ത നെഗോസിയേഷനിലൂടെ മുറി ഏറ്റെടുക്കാനു ദ്ദേശിക്കുന്നവർ 25000/- രൂപ വരെയുള്ള പ്രതിമാസ ലൈസൻസ് ഫീസിന്റെ സംഗതിയിൽ പ്രസ്തുത തുകയുടെ പകുതി അല്ലെങ്കിൽ 15000/- രൂപ ഏതാണ് കൂടുതൽ അത് താൽക്കാലികമായി ഓഫർ ഉറപ്പിച്ച് ഉടൻ കെട്ടിവയ്ക്കേണ്ടതാണ്.

3. മുറികൾ/വ്യാപാര സ്ഥാപനങ്ങൾ കൈവശം ലഭിക്കുന്നവർ മുനിസിപ്പൽ കൗൺസിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വ്യവസ്ഥകൾ അംഗീകരിക്കുവാൻ ബാധ്യസ്ഥരാണ്. മുറികളുടെ വരാന്തയും മുറ്റവും കൗൺസിലിന്റെ അധീനതയിലും നിയന്ത്രണത്തിലും ആയിരിക്കുന്നതാണ്. പൊതു ഉപയോഗങ്ങൾക്കുള്ള തുറന്ന സ്ഥലങ്ങളും വരാന്തയും യാതൊരു തടസ്സങ്ങളും കൂടാതെ അതുപോലെ നിലനിർത്തുന്നതിനുലൈസൻസി ബാദ്ധ്യസ്ഥനാണ്

4. കൗൺസിൽ അംഗീകാരത്തോടെ മുറികൾ ലഭിക്കുന്നവർ സെക്രട്ടറി നിശ്ചയിക്കുന്ന തിയ്യതി മുതൽ മുറി ഏറ്റെടുക്കേണ്ടതും ടി തിയ്യതി മുതൽ ലൈസൻസ് ഫീസ് അടക്കുന്നതിന് ബാധ്യസ്ഥനും ആയിരിക്കും. മുറികൾ അനുവദിച്ച് കിട്ടുന്നവർ അത് ഏറ്റെടുക്കും മുൻപായി അവരുടെ ചെലവിൽ സെക്രട്ടറി നിശ്ചയിക്കുന്ന വിധം ലൈസൻസ് ഫീസിന്മേൽ നിശ്ചിത തുകക്കുള്ള മുദ്രപത്രത്തിൽ മതിയായ ജാമ്യത്തോടുകൂടി ഒരു കരാർ ഉടമ്പടി പത്രം നിയമാനുസൃതം സമർപ്പിക്കേണ്ടതാണ്. പുതിയ ലൈസൻസിയെ കൗൺസിൽ അംഗീകരിച്ച ശേഷം നിശ്ചിത തിയ്യതിക്കുള്ളിൽ ആവശ്യമായ ഡെപ്പോസിറ്റ് സംഖ്യ കെട്ടി വയ്ക്കാതിരിക്കുകയോ കരാർ ഉടമ്പടി

പത്രമെഴുതി തരാതിരിക്കുകയോ മറ്റേതെങ്കിലും നിബന്ധന പാലിക്കാതിരിക്കുകയോ, വീഴ്ച വരുത്തുകയോ ചെയ്യുന്ന പക്ഷം മുറി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്യുന്നതും മുറികൾ വീണ്ടും പുനർലേലം നടത്തിയോ/ടെണ്ടർ നടത്തിയോ മറ്റ് വിധത്തിലോ ലൈസൻസിന് നൽകുന്നതുമാണ്.

5. നഗരസഭ വക മുറികളുടെ ഏറ്റവും കുറഞ്ഞ പ്രതിമാസ ലൈസൻസ് ഫീ 1000/- രൂപ ആയിരിക്കുന്നതാണ്.

6. ടെണ്ടറിൽ/ലേലം കൊണ്ട യാതൊരാൾക്കും സ്വമേധയാ ടെണ്ടർ/ലേലത്തിൽ നിന്നും ഒഴിയാവുന്നതല്ല. അപ്രകാരം ചെയ്യുന്ന പക്ഷം നിരതദ്രവ്യം കണ്ടുകെട്ടുന്നതാണ്.

7. വർഷാവർഷം പുതുക്കുന്ന ലൈസൻസ് ഫീ വ്യവസ്ഥയിൽ മുറികൾ ഏൽപ്പിച്ച് കൊടുക്കുന്നതാണ്. വർഷാവർഷം ലൈസൻസ് പുതുക്കുന്നതിന് സെയിൽസ് ടാക്സ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സെയിൽസ് ടാക്സ് രശീതി എന്നിവ ഹാജരാക്കേണ്ടതാണ്. 9. കൈവശം ലഭിക്കുന്ന മുറികൾക്കും അതിലെ ഫിറ്റിംഗ്സിനും മുനിസിപ്പൽ അധികൃതരുടെ മുൻകൂട്ടിയുള്ള രേഖാമൂലമായ അനുമതി ലഭിക്കാതെ ഏതെങ്കിലും ഭേദഗതി വരുത്തുകയോ വച്ചുപിടിപ്പിക്കുകയോ ചെയ്താൽ ആയതിന് യാതൊരുവിധ ചെലവും നഗരസഭ വഹിക്കുന്നതല്ല. മുറികളും, ചുവരുകളും, ഷട്ടറുകളും സാനിട്ടറി, ഇലക്ട്രിക്കൽ ഫിറ്റിംഗ്സുകളും അതുപോലെയുള്ള മറ്റുസംവിധാനങ്ങളും നല്ല നിലയിൽ സൂക്ഷിക്കേണ്ടതാണ്. ചില്ലറ കേടുപാടുകൾ നഗരസഭയുടെ അനുമതിയോടെ ലൈസൻസിയുടെ സ്വന്തം ചെലവിൽ ലൈസൻസി തന്നെ ചെയ്യിക്കേണ്ടതാണ്. കേടുപാടുകൾ വരുത്തുന്ന പക്ഷം അതുമൂലമുണ്ടാകുന്ന നഷ്ടത്തിന് പ്രസ്തുത കാലയളവിലെ ലൈസൻസി ഉത്തരവാദിയാവുന്നതാണ്.

8. മുനിസിപ്പൽ കൗൺസിലിനോ, മുനിസിപ്പൽ സെക്രട്ടറിയ്ക്കോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, ജോലിക്കാർക്കോ മുറികൾ ഏതുസമയത്തും പരിശോധന നടത്തുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. പരിശോധന സമയത്ത് ന്യൂനതകൾ കാണുന്നതായാൽ അവ സെക്രട്ടറിയിൽ നിന്നു ലഭിക്കുന്ന നോട്ടീസിൽ പറഞ്ഞ കാലപരിധിയ്ക്കകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യുവാൻ ലൈസൻസി ബാധ്യസ്ഥനാണ്.

9. കൗൺസിലിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ കൈവശം ലഭിക്കുന്ന മുറിയോ മുറിയുടെ ഭാഗങ്ങളോ കൈമാറ്റം ചെയ്യുന്നതിനോ കീഴ് കുത്തകയ്ക്ക് കൊടുക്കുന്നതിനോ കച്ചവടത്തിൽ കൂട്ടവകാശികളെ/പങ്കുകാരെ ചേർക്കുന്നതിനോ ലൈസൻസിക്ക് അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

10. അനധികൃത ലൈസൻസ് കൈമാറ്റം തെളിഞ്ഞാൽ ലൈസൻസ് റദ്ദുചെയ്യുന്നതും മുറി പൂട്ടി നഗരസഭ ഏറ്റെടുക്കുന്നതുമാണ്.

11. ലൈസൻസ് ബാക്കി വെക്കുന്നതുകൊണ്ടോ മറ്റ് നിബന്ധനകൾ ലൈസൻസി പാലിക്കാത്തതുകൊണ്ടോ കൗൺസിലിനുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും ഡെപ്പോസിറ്റിൽ നിന്നും പിടിച്ചെടുക്കുന്നതും കുറവുവരുന്ന സംഖ്യ അപ്പപ്പോൾ ലൈസൻസി അടക്കേണ്ടതുമാണ്. മേൽ പറഞ്ഞ കാര്യത്തിൽ ലൈസൻസിയുടേയോ, ജാമ്യക്കാര്യന്റേയോ ജംഗമ സ്വത്തുക്കളിൽ നിന്നും തുക ഈടാക്കുവാൻ കൗൺസിലിന് അധികാരമുണ്ടായിരിക്കും. ലൈസൻസി മുറി ഒഴിഞ്ഞതിനുശേഷവും ടിയാൻ അടക്കുവാൻ വീഴ്ച വരുത്തിയിട്ടുള്ള കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, അഡീഷണൽ കറന്റ് ചാർജ്ജ് എന്നിവയും നഗരസഭക്ക് നഷ്ടം സംഭവിക്കുന്ന പക്ഷം

ആയതുൾപ്പെടെ ഇപ്രകാരം ഈടാക്കുവാൻ മുനിസിപ്പൽ സെക്രട്ടറിക്ക് ഈ അധികാരമുണ്ടായിരിക്കുന്നതാണ്.

12. മുറികൾ ലഭിക്കുന്നവർ ഓരോ മാസത്തേയും ലൈസൻസ് ഫീസ് മുൻകൂർ ആയി അതതുമാസം 5-ാം തിയ്യതിക്കുമുമ്പായി മുനിസിപ്പൽ ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. പ്രതിമാസ ലൈസൻസ് ഫീസ് നിശ്ചിത തിയ്യതിക്കകം അടക്കാത്ത പക്ഷം നിയമാനുസൃതമുള്ള പലിശയോടുകൂടി മാസാവസാനത്തിനു മുൻപ് അടച്ച് തീർക്കേണ്ടതും അതിനുവീഴ്ച വരുത്തിയാൽ മുനിസിപ്പൽ സെക്രട്ടറി ലൈസൻസ് റദ്ദ് ചെയ്തു മുറി കൈവശപ്പെടുത്തുന്നതും ഇപ്രകാരം ചെയ്യുന്നതുമൂലം നഗരസഭക്കുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ലൈസൻസി ഏതെങ്കിലും തരത്തിലുണ്ടായേക്കാവുന്ന യാതൊരു നഷ്ടത്തിനും ചെലവുകൾക്കും നഗരസഭ ഉത്തരവാദിയായിരിക്കുന്നതുമല്ല.

13 ഉടമ്പടിയിൽ രേഖപ്പെടുത്തിയിട്ടുള്ള ആവശ്യങ്ങൾക്കല്ലാതെ കൗൺസിലിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ യാതൊരു ആവശ്യത്തിനും മുറി ഉപയോഗിക്കുവാൻ ലൈസൻസിക്കു അധികാരം ഉണ്ടായിരിക്കുന്നതല്ല.

14. പ്രതിമാസ ലൈസൻസ് ഫീസ് അതാതുസമയങ്ങളിൽ ഒടുക്കാതെ വീഴ്ച വരുത്തുന്നവരുടേ പേരിൽ കേരള മുനിസിപ്പാലിറ്റീസ് ആക്ടിലേയും ഈ നിബന്ധനാവലിയുടെ വ്യവ സ്ഥകൾക്കും പ്രാബല്യത്തിലുള്ള മറ്റു നിബന്ധനകൾക്കും നിയമങ്ങൾക്കും വിധേയമായി നിയമാനുസൃതമുള്ള എല്ലാവിധ നടപടികളും കൈകൊണ്ട് കുടിശ്ശിക ഈടാക്കുവാൻ മുനിസിപ്പൽ സെക്രട്ടറിക്ക് അധികാരമുള്ളതും ഇത്തരം നടപടികൾ നിമിത്തം കൗൺസിലിനു വരുന്ന എല്ലാവിധ ചെലവുകളും ലൈസൻസിയിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

15. നിശ്ചിത കാലാവധിക്കുള്ളിൽ ലൈസൻസി മരണപ്പെടുകയാണെങ്കിൽ അവരുടെ നിയമാനുസൃതമുള്ള അനന്തരാവകാശിക്കു അയാളുടെ അപേക്ഷ ലഭിക്കുന്ന പക്ഷം നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായി കൗൺസിൽ ലൈസൻസ് കൈമാറ്റം ചെയ്തു കൊടുക്കുന്നതും ഇപ്രകാരമുള്ള അപേക്ഷകൾ ലൈസൻസി മരണപ്പെട്ട തിയ്യതി മുതൽ 60 ദിവസങ്ങൾക്കകം മുനിസിപ്പൽ സെക്രട്ടറിക്ക് ലഭിച്ചിരിക്കേണ്ടതുമാണ്. അടുത്ത 30 ദിവസത്തിനകം അവകാശം അപേക്ഷിക്കുന്ന പക്ഷം ഒരുമാസത്തെ ലൈസൻസ് ഫീസിനു തുല്യ തുക ഫൈൻ ആയി ഈടാക്കി കൈമാറ്റം അനുവദിക്കുന്നതാണ്. ലൈസൻസി മരണ്പെടുകയും നിയമാനുസൃത അവകാശി 3 മാസത്തിനകം ലൈസൻസ് മാറ്റത്തിന് അപേക്ഷിച്ചിട്ടില്ലാത്ത സംഗതിയിൽ ഡെപ്പോസിറ്റ് തുകയിൽ നിന്നും നഷ്ടം ഈടാക്കി പ്രസ്തുത മുറി ഏറ്റെടുത്ത് പുതുതായി ടെണ്ടർ/ലേലം ചെയ്യുന്നതാണ്.

16. താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചു വരെ അവകാശിക്കല്ലാതെ ലൈസൻസ് കൈമാറുന്ന പക്ഷം പുനരധിവാസത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

17. ഒന്നിലധികം അവകാശികളുടെ പേരിൽ മുറി കൈമാറുന്ന കേസുകളിൽ പിന്നീട് തർക്കമുണ്ടായാലും ഇല്ലെങ്കിലും നിലവിലുള്ളതിൽ കൂടുതൽ മുറികൾക്കോ മറ്റ് ആനുകൂല്യങ്ങൾക്കോ അർഹതയുണ്ടായിരിക്കുന്നതല്ല.

18. അനാരോഗ്യകരമായതും നിരോധിക്കപ്പെട്ടതുമായ യാതൊരു സാധനങ്ങളും മുറികളിൽ വിൽപ്പന നടത്തുവാനോ, സൂക്ഷിക്കുവാനോ പാടുള്ളതല്ല.

19. നഗരസഭ കാലാകാലങ്ങളിൽ പൊതുജന ക്ഷേമാർത്ഥം എടുക്കുന്ന തീരുമാനങ്ങൾക്കുവിരുദ്ധമായി പ്രവർത്തിക്കുകയോ, 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ, പാൻപരാഗ്, മറ്റ് ലഹരിവസ്തുക്കൾ എന്നിവ സൗജന്യമായി നൽകുകയോ

അനധികൃതമായി വ്യാപാരം ചെയ്യുകയോ, സംരക്ഷിക്കുകയോ ചെയ്തതതായി സ്ഥിരീകരിക്കപ്പെടുന്ന കടകളുടെ ലൈസൻസ് സ്വമേധയാ റദ്ദാക്കുന്നതും 5000/- രൂപയിൽ കുറയാതെ പിഴ ഈടാക്കുന്നതുമാണ്. ഇതുസംബന്ധിച്ച് യാതരു തർക്കവും ഉന്നയിക്കാൻ ലൈസൻസിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

20. മുറികളുടെ മുൻവശത്ത് ഒരു നെയിം ബോർഡ് മാത്രമെ പ്രദർശിപ്പിക്കാവൂ. അധികമായി വെക്കുന്ന ബോർഡുകൾക്ക് നിശ്ചിത ഫീസ് അടക്കാൻ ലൈസൻസി ബാധ്യസ്ഥനാണ്.

21. ലൈസൻസ് കാലാവധിക്കുള്ളിൽ ലൈസൻസി മരണപ്പെടുകയാണെങ്കിൽ ടിയാനിൽ നിന്നും മുനിസിപ്പാലിറ്റിക്ക് കിട്ടാനുള്ള അവകാശി ബാദ്ധ്യസ്ഥനായിരിക്കും.

22. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസരിച്ച് നിയമാനുസൃതം എല്ലാ നികുതികളും, ഫീസുകളും, തുകകളും, കറന്റ് ചാർജ്ജും, വാട്ടർ ചാർജ്ജും അതുപോലുള്ള മറ്റു ചാർജ്ജുകളും, പ്രതിമാസ ലൈസൻസ് ഫീസിനും, സർവ്വീസ് ചാർജ്ജിനും പുറമെ ലൈസൻസി സമയാസമയങ്ങലിൽ ബന്ധപ്പെട്ടവർക്ക് ഒടുക്കിയിരിക്കേണ്ടതാണ്. സർക്കാർ മുനിസിപ്പൽ ഡിപ്പാർട്ട്മെന്റും, കൗൺസിലും കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഉത്തരവുകളും അനുസരിക്കുവാൻ ലൈസൻസി ബാദ്ധ്യസ്ഥനാണ്. ആവശ്യമായി വരികയാണെങ്കിൽ പുതിയ വ്യവസ്ഥകൾ കൂട്ടിച്ചേർക്കുന്നതിനോ, ഭേദഗതി ചെയ്യുന്നതിനോ നഗരസഭക്ക് പരിപൂർണ്ണാധികാരം ഉണ്ടായിരിക്കുന്നതും ആയതിന് ചോദ്യം ചെയ്യുന്നതിന് ലൈസൻസിക്ക് യാതൊരു അവകാശഴും ഉണ്ടായിരിക്കുന്നതുമല്ല.

23. കൗൺസിലിന് ആവശ്യമെന്ന് തോന്നുന്ന പക്ഷം 30 ദിവസത്തെ നോട്ടീസ് നൽകി ലൈസൻസ് കാലാവധി തീരുന്നതിന് മുൻപ് മുറി ഒഴിപ്പിച്ച് എടുക്കാവുന്നതും എന്നാൽ അങ്ങനെ ചെയ്യുന്ന പക്ഷം നഷ്ടപരിഹാരത്തിനോ മറ്റോ ലൈസൻസിക്ക് അവകാശമില്ലാത്തതാകുന്നു.

24. മുറികൾ അനുവദിച്ച ശേഷം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തി തരണമെന്ന് അപേക്ഷിക്കുന്നതിനോ, നിലവിലുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയെ കുറിച്ച് ചോദ്യമോ തർക്കമോ ഉന്നയിക്കുന്നതിനോ, ലൈസൻസ് ഫീയിൽ ഇളവ് ലഭിക്കുന്നതിനോ യാതൊരു അവകാശവും ഉന്നയിക്കാവുന്നതല്ല. എന്നാൽ നഗരസഭക്ക് അത്യാവശ്യമെന്ന് ബോധ്യപ്പെടുന്ന പക്ഷം വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

25. ടെണ്ടർ/ലേലം 100/- രൂപയുടെ ഗുണിതങ്ങളായുള്ള സംഖ്യ ആയിരിക്കുമെന്ന് നിജപ്പെടുത്തിയിരിക്കുന്നു. അല്ലാത്തവ പരിഗണിക്കുന്നതല്ല. എന്നാൽ ലേലത്തിന്റെ അടിസ്ഥാന തുകയും ലേല സമയത്തുണ്ടാകുന്ന വർദ്ധനവും കണക്കിലെടുത്ത് 100/- രൂപ എന്നത് ഉചിതമായി വർദ്ധിപ്പിക്കുന്നതിനും സെക്രട്ടറിക്കോ, സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അധികാരമുണ്ടായിരിക്കുന്നതാണ്.

26. സ്ഥലത്തിന്റെ പ്രാധാന്യവും കടമുറികളുടെ/വ്യാപാര സ്ഥാപനങ്ങളുടെ വിസ്തീർണ്ണവും കണക്കിലെടുത്ത് അതാതു കാലങ്ങളിൽ പ്രതിമാസ ലൈസൻസ് ഫീ പുതുക്കി നിശ്ചയിക്കുന്നതിന് കൗൺസിലിന് അധികാരമുണ്ടായിരിക്കും. ആയതനുസരിച്ച് ഡെപ്പോസിറ്റ് തുകയിൽ വരുന്ന വ്യത്യാസം നികത്താൻ ലൈസൻസി ബാദ്ധ്യസ്ഥനാണ്. വർദ്ധനവ് വരുത്തിയ ശേഷമുള്ള ലൈസൻസ് ഫീ തൊട്ടടുത്ത നൂറിന്റെ ഗുണിതത്തിലേക്ക് റൗണ്ട് ചെയ്യുന്നതാണ്.

27. പുനരധിവാസം അനുവദിയ്ക്കുന്ന കേസുകൾക്ക് ഓപ്പൺ ടെണ്ടറിലൂടെ അതേ കെട്ടിടത്തിൽ സമാനസ്ഥിതിയിലുള്ള മുറിയ്ക്ക് ലഭിയ്ക്കുന്ന പരമാവധി ലൈസൻസ് ഫീയുടെ 5% (പരമാവധി) മാത്രമെ ഇളവ് അനുവദിയ്ക്കുകയുള്ളൂ.

28. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ മാർക്കറ്റ് സ്റ്റാളുകൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ എടുത്തിട്ടുള്ള എല്ലാ ലൈസൻസികളും നിയമാനുസൃതമുള്ള സർവ്വീസ് ടാക്സ് സ്വന്തം നിലയിൽ ഒടുക്കേണ്ടതാണ്.

29. ലൈസൻസ് ഫീയിൽ 6 മാസത്തെ കുടിശ്ശിക വരുത്തുന്ന പക്ഷം മുറി പൂട്ടിയെടുക്കുവാൻ നടപടി സ്വീകരിക്കുന്നതും നിയമാനുസൃതം ലൈസൻസിക്ക് നോട്ടീസ് നൽകി 15 ദിവസത്തിനുശേഷം റീടെണ്ടർ ചെയ്യുന്നതുമാണ്. 6 മാസത്തെ ലൈസൻസ് ഫീ കുടിശ്ശിക വരുത്തുന്ന പക്ഷം ലൈസൻസ് റദ്ദ് ചെയ്യുന്നതുമാണ്.

30. ലൈസൻസ് വ്യവസ്ഥയിൽ ഏറ്റെടുത്ത മുറികൾ സാധാരണഗതിയിൽ ഒരു വർഷം പൂർത്തിയാകാതെ കൈമാറ്റം അനുവദിക്കുന്നതല്ല. ലൈസൻസിക്ക് മുറി ആവശ്യമെങ്കിൽ ആ വിവരം അറിയിച്ചുകൊണ്ടും കൗൺസിലിന് 3 മാസത്തെ നോട്ടീസ് നൽകിയും ഒഴിഞ്ഞ് പോകാവുന്നതാണ്. എന്നാൽ മുറി ഏറ്റെടുത്ത് വരും വർഷത്തിനകം മുറി ഒഴിയുവാൻ സന്നദ്ധനാകുന്ന പക്ഷം ഒരു വർഷം തികയുന്നതിന് ബാക്കിയുള്ള മുഴുവൻ കാലത്തേയും മുഴുവൻ ലൈസൻസ് ഫീസും കൗൺസിലിന് നൽകുവാൻ ലൈസൻസി ബാദ്ധ്യസ്ഥനായിരിക്കും. മേൽ പ്രകാരം 3 മാസത്തെ ലൈസൻസ് ഫീസോ ഒരു വർഷം തികയുന്ന കാലയളവിൽ ലൈസൻസ് ഫീസ് ഇനത്തിൽ ലൈസൻസി യഥാർത്ഥത്തിൽ അടക്കേണ്ടതായിട്ടുള്ള തുകയോ ഏതാണോ കൂടുതലെങ്കിൽ ആയത് നഷ്ടപരിഹാരമായി കൗൺസിലിന് നൽകേണ്ടതാണ്.

31. നിലവിലുള്ള കുത്തകക്കാർ നിയമാനുസൃത അവകാശികൾക്ക് കുത്തക കൈമാറുമ്പോൾ കുത്തക തുകയുടെ 50% വർദ്ധനവും തുടർന്നുള്ള വർഷങ്ങളിൽ കൗൺസിൽ തീരുമാനിക്കുന്ന വർദ്ധനവും അവകാശികൾക്കല്ലാതെ കുത്തക കൈമാറുമ്പോൾ കടമുറി നഗരസഭയിൽ തിരിച്ചേൽപ്പിക്കേണ്ടതും ആയതിന് ശേഷം പുനർലേലം നടത്തുന്നതുമാണ്.

32. മുറികൾ നഗരസഭയിൽ തിരിച്ചേൽപ്പിക്കുന്ന പക്ഷം മാത്രമെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ ലഭിക്കാൻ (പലിശയില്ലാതെ) ലൈസൻസിക്ക് അവകാശമുണ്ടായിരിക്കുകയുള്ളൂ. നഗരസഭക്ക് തിരികെ ലഭിക്കുന്ന മുറികൾ നഗരസഭ വീണ്ടും ടെണ്ടർ/ലേലം ചെയ്ത് നൽകുന്നതാണ്.

33. കൗൺസിൽ കൈമാറ്റം അനുവദിക്കുകയാണെങ്കിൽ പുതിയ ലൈസൻസി വർദ്ധിത ലൈസൻസും ഫീസും ഡെപ്പോസിറ്റ് തുകയും അടക്കുവാനും മറ്റു നിബന്ധനകൾ അനുസരിക്കുവാനും ബാദ്ധ്യസ്ഥനായിരിക്കും. കൗൺസിൽ തീരുമാനത്തിന് ശേഷം 30 ദിവസത്തിനകം നിബന്ധനകൾ പാലിച്ച് കരാർ ഉടമ്പടി പത്രം ഹാജരാക്കുന്നതിൽ കൈമാറ്റം സിദ്ധിക്കുന്ന വ്യക്തി/സ്ഥാപനം വീഴ്ച വരുത്തിയാൽ കൈമാറ്റത്തിനുള്ള അനുമതി റദ്ദ് ചെയ്യുന്നതാണ്.

34. കച്ചവടമാറ്റത്തിനായി അപേക്ഷിക്കുന്ന സംഗതികളിൽ അപേക്ഷ കൗൺസിൽ അനുവദിക്കുന്ന പക്ഷം തിരിച്ചുനൽകാത്ത 5000/- രൂപ നഗരസഭയിൽ ഒടുക്കേണ്ടതും നിയമാനുസൃതം ആവശ്യമായ മറ്റുലൈസൻസുകൾ അപേക്ഷകൻ സ്വന്തം ചെലവിൽ എടുക്കേണ്ടതും

നിയമാനുസൃതം കച്ചവടമാറ്റം അനുവദിക്കപ്പെട്ട ശേഷം എഗ്രിമെന്റ് പുതുക്കി കച്ചവടം/നിർദ്ദിഷ്ട പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്.

35. അനധികൃത കച്ചവട മാറ്റം സ്ഥിരീകരിക്കുന്ന പക്ഷം 5000/- രൂപയിൽ കുറയാത്ത പിഴ നഗരസഭക്കുവേണ്ടി സെക്രട്ടറി ഈടാക്കേണ്ടതാണ്. ഇപ്രകാരമുള്ള സംഗതികളിൽ 2 മാസത്തിനകം കച്ചവടമാറ്റം നിയമാനുസൃതം ക്രമവൽക്കിരിക്കേണ്ടതും അപ്രകാരം ചെയ്യാത്ത പക്ഷം ലൈസൻസ് റദ്ദുചെയ്യുന്നതാണ്. ഇത്തരം സംഗതികളിൽ സെക്രട്ടറിക്ക് മുറി പൂട്ടി എടുക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതും എന്നാൽ യാതൊരു നഷ്ടപരിഹാരത്തിനും ലൈസൻസിക്ക് അവകാശമുണ്ടായിരിക്കുന്നതുമല്ല.

36. ഈ ബൈലോയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിബന്ധന ലംഘിക്കുന്ന പക്ഷം ലൈസൻസ് റദ്ദു ചെയ്യുന്നതാണ്.

37. കാലാകാലങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തരവുകളും നിയമങ്ങളും അനുസരിച്ചുണ്ടാകുന്ന എല്ലാ തീരുമാനങ്ങളും ഈ നിബന്ധനകൾക്കുപുറമെ ബാധകമായിരിക്കും.

38. കുത്തക ഉറപ്പിക്കുന്ന കുത്തകക്കാർ 7 ദിവസത്തിനകം എഗ്രിമെന്റ് വെക്കേണ്ടതും തുടർന്ന് ഓരോ വർഷവും ഏപ്രിൽ 10 നകം എഗ്രിമെന്റ് പുതുക്കേണ്ടതുമാണ്.

(ഒപ്പ്)

സെക്രട്ടറി
ചെർപ്പുളശ്ശേരി നഗരസഭ